**ഇലക്ഷൻ അടിയന്തിരം**

# കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

തിരുവനന്തപുരം -695033

## സർക്കുലർ

നമ്പർ: ബി1-33870-2020-സം.തി.ക  തീയതി :18.12.2020

വിഷയം: സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ - പൊതുതിരഞ്ഞെടുപ്പ്- 2020 അംഗങ്ങളുടെ സത്യപ്രതിജ്ഞ അധികനിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന: കമ്മീഷന്റെ 13/12/2020 തീയതിയിലെ ഇതേ നമ്പർ സർക്കുലർ

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ പുതുതായി തിരഞ്ഞെടുക്കപ്പെട്ട അംഗങ്ങളുടെ/കൗൺസിലർമാരുടെ സത്യപ്രതിജ്ഞ ഡിസംബർ 21 ന് നടത്തുന്നത് സംബന്ധിച്ചുള്ള നിർദ്ദേശങ്ങൾ സൂചന പ്രകാരം പുറപ്പെടുവിച്ചിരുന്നു. അവ സംബന്ധിച്ച് അധിക നിർദ്ദേശങ്ങൾ ചുവടെ ചേർക്കുന്നു.

1) കോവിഡ് പശ്ചാത്തലത്തിൽ സത്യപ്രതിജ്ഞയ്ക്ക് വേണ്ടി യോഗം ചേരുമ്പോൾ മാസ്ക്, സാനിറ്റെസർ എന്നിവ നിർബന്ധമായും ഉപയോഗിക്കുകയും സാമൂഹ്യ അകലം പാലിക്കുകയും ചെയ്യണം.

2) ഏതെങ്കിലും അംഗത്തിന്/കൗൺസിലർക്ക് കോവിഡ് പോസിറ്റീവ്/ക്വാറന്റൈൻ ആണെങ്കിൽ ആ വിവരം വരണാധികാരിയെ മുൻകൂട്ടി അറിയിക്കുകയും പി.പി.ഇ കിറ്റ് ധരിച്ചും കോവിഡ് നിയന്ത്രണങ്ങൾ പാലിച്ചും സത്യപ്രതിജ്ഞയ്ക്ക് നേരിട്ട് ഹാജരാകുകയും വേണം. അത്തരത്തിൽ ഹാജരാകുന്ന അംഗങ്ങൾക്ക് ഹാജരുള്ള മറ്റെല്ലാ അംഗങ്ങളും സത്യപ്രതിജ്ഞ ചെയ്തതിന് ശേഷമാണ് അവസരം നൽകേണ്ടത്.

3) വരണാധികാരികളെ മുൻകൂട്ടി അറിയിക്കുന്നതനുസരിച്ച് അംഗങ്ങൾക്ക് പി.പി.ഇ കിറ്റ് ലഭ്യമാക്കുന്നതിനുള്ള നടപടി ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർ സ്വീകരിക്കേണ്ടതാണ്.

എ.സന്തോഷ്
സെക്രട്ടറി.

എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും & ജില്ലാ കളക്ടർമാർക്കും
എല്ലാ വരണാധികാരികൾക്കും
എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
എല്ലാ അസിസ്റ്റന്റ് ഡവലപ്പ്മെന്റ് കമ്മീഷണർ (ജനറൽ)മാർക്കും
എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർക്കും

പകർപ്പ്
എല്ലാ ഓഫീസർമാർക്കും/ സെക്ഷനുകൾക്കും
പബ്ലിക് റിലേഷൻസ് ഓഫീസർ
ലാ ഓഫീസർ
കമ്പ്യൂട്ടർ പ്രോഗ്രാമർ
കമ്മീഷണറുടെ സി.എ/ സെക്രട്ടറിയുടെ സി.എ
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ